പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നമ്പർ. 6109

07-11-2016 ൽ മറുപടിക്ക്

കേരഫെഡിലെ വിവിധ ക്രമക്കേടുകൾ

ചോദ്യം

ശ്രീ. കെ.എസ്. ശബരീനാഥൻ

മറുപടി

ശ്രീ.വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | |
|---|---|---|
| എ) കേരഫെഡിലെ വിവിധ ക്രമക്കേടുകൾ സംബന്ധിച്ച് സർക്കാരിന്റെ 5.1.15 ലെ നിർദ്ദേശ പ്രകാരം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറേറ്റിലെ സ്പെഷ്യൽ വിജിലൻസ് വിഭാഗം അന്വേഷണം നടത്തിയിരുന്നുവോ; | (എ) | അന്വേഷണം നടത്തിയിരുന്നു. |
| ബി) എങ്കിൽ പ്രസ്തുത അന്വേഷണത്തെ തുടർന്ന് പ്രാഥമിക റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| സി) റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;<br><br>ഡി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വെളിപ്പെടുത്താമോ; | (സി) യും (ഡി) യും | കേരഫെഡിലെ അഴിമതി സംബന്ധിച്ച് കൃഷി വകുപ്പ് വിജിലൻസ് സെൽ നടത്തിയ അന്വേഷണ റിപ്പോർട്ടിന്മേൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ വിശദമായ അന്വേഷണം നടത്തിവരികയാണ്. വിജിലൻസ് അന്വേഷണത്തെ ബാധിക്കുന്നതിനാൽ വിശദ വിവരങ്ങൾ ഇപ്പോൾ ലഭ്യമാക്കുവാൻ നിർവ്വാഹമില്ല. |
| ഇ) ഈ വിഷയത്തിൽ ഏതെങ്കിലും ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ? | (ഇ) | കൃഷി വകുപ്പ് ഡയറക്ടറെ തൽസ്ഥാനത്ത് നിന്നും മാറ്റിയിട്ടുണ്ട്. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ വിശദമായി അന്വേഷണം നടത്തുകയാണ്. റിപ്പോർട്ട് ലഭിച്ച ശേഷം കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ